തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പതിനെട്ടാമത് അക്കാദമിക് കൗൺസിൽ യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, വാക്കാട് - 2018 ജൂലൈ 19**

**പങ്കെടുത്തവർ:**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. കെ.എം. ഭരതൻ
4. പ്രൊഫ. ടിപി. കുഞ്ഞിക്കണ്ണൻ
5. ഡോ. പി. സതീഷ് (വിദ്യാർത്ഥിക്ഷേമ ഡയറക്ടർ)

## ഇനം 1/18 — പതിനേഴാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 1/18** പതിനേഴാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു.

## ഇനം 2/18 — മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ

**തീരുമാനം 2/18** മുൻ തീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ അംഗീകരിച്ചു.

## ഇനം 3/18 — വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 3/18** പതിനേഴാം അക്കാദമിക് കൗൺസിൽ യോഗത്തിനുശേഷം നടന്ന സംഭവ വികാസങ്ങളെക്കുറിച്ചും നടപടികളെക്കുറിച്ചും വൈസ് ചാൻസലർ സംക്ഷിപ്തമായി അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു.

ഇനം **4/18**

## വിദ്യാർത്ഥികളുടെ പ്രവേശനവും സീറ്റ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും

**തീരുമാനം 4/18** വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച അജണ്ടയിൽ നടത്തിയ വിശദമായ ചർച്ചക്കുശേഷം വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് സീറ്റ് 16 ആയി നിജപ്പെടുത്തുവാനും ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി ഫാക്കൽറ്റി ഡീൻമാരുടെയും വകുപ്പുതലവൻമാരുടെയും അഭിപ്രായം ആരായണമെന്നും തീരുമാനിച്ചു.

ഇനം **5/18**

## അക്കാദമിക് കൗൺസിലിൽ ഉൾപ്പെടുത്തേണ്ടവരുടെ പുതിയ പാനൽ

**തീരുമാനം 5/18** അക്കാദമിക് കൗൺസിൽ ഉൾപ്പെടുത്തേണ്ടവരുടെ പാനലിൽ ആർക്കൈവ്സ് ഡയറക്ടറെക്കൂടി ഉൾപ്പെടുത്തി താഴെകൊടുത്തിട്ടുള്ള പാനൽ അംഗീകരിച്ചു.

1. ഡോ. ടി.വി. മധു
2. ഡോ. ഖദീജാ മുംതാസ്
3. ഡോ. എൻ.പി. ചന്ദ്രശേഖരൻ
4. ഡോ. പി. പവിത്രൻ
5. ഡോ. മോഹൻദാസ് യു.എ.
6. ശ്രീമതി കലാമണ്ഡലം ഹൈമവതി
7. ഡോ. എം.ആർ. രാഘവവാരിയർ
8. ശ്രീ കെ.പി. രാമനുണ്ണി
9. ഡോ. ടി.ബി. വേണുഗോപാലപണിക്കർ
10. ഡോ. കെ.ജി. പൗലോസ്
11. ശ്രീ പി. ബിജു (ആർക്കൈവ്സ് ഡയറക്ടർ ഇൻചാർജ്)

ഇനം **6/18**

## ചലച്ചിത്രപഠനം പാഠ്യപദ്ധതിയുടെ പരിഷ്കരണം

**തീരുമാനം 6/18** ചലച്ചിത്രപഠനം പാഠ്യപദ്ധതി സംബന്ധിച്ചുള്ള ചർച്ചയ്ക്കുശേഷം, വിപുലീകരിച്ച അക്കാദമിക് കൗൺസിൽ യോഗം വിളിച്ച് ചേർത്ത് പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച വിഷയം വിശദമായി ചർച്ച ചെയ്തിതീരുമാനിക്കേണ്ടതാണെന്ന് തീരുമാനിച്ചു. സർവകലാശാല നടത്തുന്ന എല്ലാ എം.എ. കോഴ്സിന്റെയും ഒന്നാം സെമസ്റ്ററിലെ ആദ്യപേപ്പർ 'മലയാള ഭാഷയുടെ വൈജ്ഞാനിക പദവി' എന്നതായിരിക്കണമെന്നും തീരുമാനിച്ചു.

ഇനം
**7/18**

## ജോലിയിൽ പ്രവേശിച്ച ഗവേഷകക്ക് അവധി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം 7/18** ജോലി ലഭിച്ച ഗവേഷകയായ ഐശ്വര്യ വി ഗോപാലിന് അവധി അനുവദിക്കുന്ന കാര്യം ഗവേഷണകൗൺസിലിന്റെ പരിഗണനയ്ക്ക് ശേഷം അക്കാദമിക് കൗൺസിൽ യോഗത്തിൽ പുനഃസമർപിക്കണമെന്ന് തീരുമാനിച്ചു.

യോഗം 1 മണിക്ക് അവസാനിച്ചു.

ഡോ. അനിൽ വള്ളത്തോൾ
വൈസ് ചാൻസലർ